ഓം ശ്രീ മഹാഭദ്രായൈ നമഃ

# ശ്രീ മുളങ്കാടകം ദേവീക്ഷേത്രം

കൊല്ലം – 691012. ഫോൺ : 0474 2790446



# പുനഃരുദ്ധാരണ

# മഹായജ്ഞം

ഭക്തജനങ്ങളെ,

ചിരപുരാതനവും കൊല്ലവർഷം ആരംഭത്തിൽ സ്ഥാപിതവുമായ ദേശിംഗനാടിന്റെ ദേശദേവതയായ കൊല്ലം ശ്രീ മുളങ്കാടകം ദേവീക്ഷേത്രം ദേവീകൃപാകടാക്ഷംകൊണ്ട് ഭക്തമനസ്സുകളുടെ പുണ്യ സങ്കേതമത്രേ. ദാരുശില്പങ്ങളുടെ നിർമ്മാണ വൈദഗ്ദ്ധ്യത്താൽ വേറിട്ട കലാചാരുതയോടെ ഭക്തജനഹൃദയങ്ങളിൽ ചൈതന്യവതിയായി പ്രശോഭിക്കുന്ന മുളങ്കാടകത്തമ്മയുടെ വാസസ്ഥലം, തമ്പുരാട്ടിയുടെ ഹിതമനുസരിച്ച് പുനരുദ്ധാരണ മഹായജ്ഞത്തിനു സന്നദ്ധമാവുകയാണ്.

കൊല്ലം നഗരഹൃദയത്തിൽ സർവ്വചൈതന്യവും പ്രദാനംചെയ്ത് ഭക്തജനങ്ങളെ സംരക്ഷിക്കുന്ന മുളങ്കാടകത്തമ്മയുടെ ദേവീസന്നിധിയിലെ പ്രവേശന ഗോപുരവും, മേതാളി പുരയും വിഗ്രഹവും, ഒറ്റത്തടിയിൽ ശില്പചാരുതയിൽ വിസ്മയം തീർത്ത അനന്തശയനവും, പ്രാർത്ഥനാപുണ്യമായ ദേവഗണങ്ങളും അഗ്നിബാധയിൽ നഷ്ടമായി. മറ്റൊരു ക്ഷേത്രത്തിലും കാണാൻകഴിയാത്ത അത്ഭുതകരമായ നിർമ്മിതികളായിരുന്നു ക്ഷേത്രത്തിൽ ഉണ്ടായിരുന്നത്. ക്ഷേത്രത്തിൽ പ്രവേശിക്കുന്ന ഭക്തർക്ക് ഐശ്വര്യമേകി, ദാരുവിൽ തീർത്ത നവഗ്രഹശിൽപങ്ങളും, അമ്മയെ തൊഴുതുവണങ്ങുന്ന വിശ്വാസികളായ ഭക്തരുടെ സർവ്വദോഷങ്ങളും ക്ഷിപ്രനേരം കൊണ്ടില്ലാതാക്കുന്ന മഹാപുണ്യശില്പങ്ങളും അഗ്നിക്കിരയായി നശിച്ചിട്ടുള്ളതുമാണ്. നൂറ്റാണ്ടുകളുടെ പഴക്കത്താൽ ക്ഷേത്ര പൈതൃകപട്ടികയിൽ ഇടംപിടിച്ച ശ്രീമുളങ്കാടകം ദേവീക്ഷേത്രം അതേപെരുമയിൽ പണികഴിപ്പിക്കുന്നതിന് അഞ്ചുകോടിയിലധികം രൂപ ചെലവ് വരും എന്നാണ് ദേവസ്വം സ്ഥപതി ബ്രഹ്മശ്രീ രാജു അവർകൾ പ്ലാൻ രൂപകൽപ്പന ചെയ്ത് ക്ഷേത്രം ഭരണസമിതിയെ അറിയിച്ചിട്ടുള്ളത്. ദേവപ്രശ്നവിധിപ്രകാരം ക്ഷേത്രം തന്ത്രി ബ്രഹ്മശ്രീ അടിമുറ്റത്ത് സുരേഷ് ഭട്ടതിരിപ്പാടിന്റെ മുഖ്യകാർമ്മികത്വത്തിൽ ദോഷപരിഹാരക്രിയകളായി അഷ്ടദ്രവ്യമഹാഗണപതിഹോമം, ത്രികാലദേവീപൂജ, മഹാമൃത്യുഞ്ജയഹോമം എന്നിവ നടത്തി ദേവിയെ തൃപ്തിപ്പെടുത്തുകയും ചെയ്തു. സർവ്വൈശ്വര്യ പ്രദായിനിയായ ശ്രീ മുളങ്കാടകത്തമ്മയുടെ ഹിതമനുസരിച്ച് പുനർനിർമ്മാണ പ്രക്രിയ ത്വരിതപ്പെടുത്തി ദേവിക്കായി സമർപ്പിക്കേണ്ടിയിരിക്കുന്നു. ദേവിക്ക് സമീപത്തായി മഹാഗണപതി, ശാസ്താവ്, യോഗീശ്വരൻ, കുട്ടികളില്ലാത്ത ദമ്പതികൾക്ക് അനുഗ്രഹമേകിയും, കുട്ടികൾക്കുണ്ടാകുന്ന രോഗങ്ങൾ ശമിപ്പിച്ചും അനുഗ്രഹിക്കുന്ന കന്യാവ്, ഗരുഢൻ, ഘണ്ടാകർണ്ണൻ, ബാലകർ എന്നീ ദേവതകളും, ക്ഷേത്ര കാവിൽ പ്രതിഷ്ഠയായി മാടൻസ്വാമി, മൂർത്തിദേവി, നാഗരാജാവ്, വസൂരിമാലദേവി, യക്ഷിയമ്മ, പനിമറുത, വായുഭഗവാൻ, പേയ്ഭഗവാൻ, ബ്രഹ്മരക്ഷസ് എന്നീ ദേവതകളും ഭക്തരെ അനുഗ്രഹിച്ചു വസിക്കുന്നു. ക്ഷേത്ര ഭൂമിയിൽ മഹത്തായ അമ്പലക്കുളവും മുന്നിലായി പ്രാർത്ഥനാ മണ്ഡപവും കാണാം.

പനമൂട്ടിൽ മാടൻസ്വാമിയും ശക്തിസ്വരൂപനായി കുടികൊള്ളുന്നു. മുളംങ്കാടകം ദേവി സ്വയംഭൂവായ മൂലസ്ഥാനമായ പുണ്യഭൂമിയിൽ, മഹാഗണപതി, മഹാദേവൻ, നാഗദേവതകളും ഐശ്വര്യമായി കുടികൊള്ളുന്നു. വർഷത്തിൽ രണ്ടുതവണ കുരുതി എഴുന്നെള്ളിച്ചു ദേശംചുറ്റി ഭക്തരെ അനുഗ്രഹിച്ചും ഭക്തരുടെ തീരാവ്യാധികൾ മാറ്റിയും ഐശ്വര്യം ചൊരിയുന്ന അന്നപൂർണ്ണേശ്വരിയുമാണ് ശ്രീമുളങ്കാടകംദേവി.

ഭക്തജനങ്ങളെ,

മുളങ്കാടകം ദേവീക്ഷേത്ര പുനരുദ്ധാരണ മഹായജ്ഞം ഒരുമഹനീയ കർമ്മ പദ്ധതിയായി എറ്റെടുത്തുകൊണ്ട് ഭക്തിയോടെ അമ്മയുടെ സേവകരായി നമുക്ക് മുന്നോട്ട് നീങ്ങാം. ഈ നാടിന്റെ രക്ഷകയായ സർവ്വാഭീഷ്ട വരപ്രസാദിനിയായ ശ്രീമുളങ്കാടകത്തമ്മയുടെ പുണ്യക്ഷേത്ര പുനരുദ്ധാരണ മഹായജ്ഞത്തിൽ പങ്കാളികളായി നമുക്ക് ദേവിയുടെ അനുഗ്രഹം നേടാം. എല്ലാ ഭക്തജനങ്ങളും സേവന സന്നദ്ധരായി ധനവും മറ്റ് കാണിക്കകളും നൽകി സമ്പൽസമൃദ്ധമാക്കി ക്ഷേത്ര ചുറ്റമ്പലമുൾപ്പടെ മാറ്റി പണികഴിപ്പിക്കുന്ന ഈ മഹായജ്ഞത്തിൽ പങ്കാളികളാകണമെന്ന് ദേവീനാമത്തിൽ അഭ്യർത്ഥിച്ചുകൊള്ളുന്നു.

**ക്ഷേത്ര ഭരണസമിതിക്ക് വേണ്ടി**

**ശിവപ്രസാദ് പള്ളിക്കൂടത്തിൽ**
(പ്രസിഡന്റ്, പുനരുദ്ധാരണ കമ്മിറ്റി ചെയർമാൻ)
ഫോൺ: 9995220350

**എസ്. നടരാജൻ**
(സെക്രട്ടറി)

**പുതിയപാലം മോഹൻ**
(ട്രസ്റ്റ് മെമ്പർ)

**പി. വിജയബാബു**
(ട്രസ്റ്റ് മെമ്പർ)

**പുനഃരുദ്ധാരണ കമ്മിറ്റിക്കുവേണ്ടി**

**ഗോപിനാഥ് പാമ്പട്ടയിൽ**
(ജനറൽ കൺവീനർ)
ഫോൺ: 9447270766

**എസ്. രാധാകൃഷ്ണൻ**
(ഫിനാൻസ് കമ്മിറ്റി കൺവീനർ)

**ചൈത്രം മോഹൻ**
(പ്രവാസി കമ്മിറ്റി കൺവീനർ)

**റ്റി. എസ്. ഹരിശങ്കർ**
(നിർമ്മാണകമ്മിറ്റി കൺവീനർ)

**മനോജ് മണ്ണാശ്ശേരി**
(പബ്ലിസിറ്റി കൺവീനർ)

ക്ഷേത്രം തന്ത്രി ബ്രഹ്മശ്രീ അടിമുറ്റത്ത് സുരേഷ് ഭട്ടതിരിപാട്, ക്ഷേത്രം സ്ഥപതി ബ്രഹ്മശ്രീ രാജു, പാലാ., ക്ഷേത്രം മേൽശാന്തി പാലത്തും പാട്ടിൽ ശ്രീ ആർ സെൽവരാജ് ആചാര്യ

Phone : 0474 2790446
www.sreemulamkadakomdevitemple.com
email: sreemulamkadakamdevitemple1900@gmail.com

**BANK DETAILS**

**INDIAN BANK**

| | |
|---|---|
| Branch | : Ramankulangara, Kollam |
| Account Number | : 6994606460 |
| IFSE Code | : IDIB000R108 |